

സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി
കൊല്ലാട്, കോട്ടയം

151-ാമത്
കല്ലിട്ട പെരുന്നാളും
ആദ്യഫലപ്പെരുന്നാളും
ജൂബിലി സമാപനവും

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ
പ്രധാന കാർമ്മികത്വത്തിൽ

2026
ജനുവരി
18-24
ഞായർ മുതൽ
ശനി വരെ





പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവ



അഭി. ഡോ. യൂഹാനോൻ മാർ
ദീയസ്കോറോസ് തിരുമേനി
(ഇടവക മെത്രാപ്പോലീത്ത)



അഭി. ഡോ. ഗീവർഗീസ് മാർ
കൂറിലോസ് തിരുമേനി
(ഇടവകാംഗം)

'നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ;
അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും' (സങ്കീർത്തനം 84:4)

കർത്താവിൽ പ്രിയമുള്ളവരെ,

പരിശുദ്ധനായ പൗലോസ് ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ കൊല്ലാട് ദേശത്തിന്റെ ആത്മീയവിളക്കായ നമ്മുടെ ഇടവക ദൈവാലയത്തിന്റെ 151-ാമത് കല്ലിട്ട പെരുന്നാൾ 2026 ജനുവരി മാസം 18-ാം തീയതി മുതൽ 24-ാം തീയതി വരെ സമുചിതമായി ആഘോഷിക്കുവാൻ ദൈവത്തിൽ ആശ്രയിക്കുന്നു. കഴിഞ്ഞ ഒരു വർഷക്കാലം നീണ്ടു നിന്ന ജൂബിലി ആഘോഷങ്ങൾ സഭയ്ക്കും സമൂഹത്തിനും ഇടവകയ്ക്കും അഭിമാനമായ രീതിയിൽ ക്രമീകരിക്കുവാൻ സാധിച്ചത് ദൈവകൃപയാലും കരുണയാലുമാണ്. പൂർവ്വീകരുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയുമാണ് ഇന്നും നമ്മുടെ ഇടവകയെ ദൈവാശ്രയ ബോധത്തോടെ വഴി നയിക്കുന്നത്.

പ്രിയരേ, ഈ വർഷത്തെ പെരുന്നാൾ ആഘോഷങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നത് മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ** തിരുമനസ്സുകൊണ്ടാണ്. പെരുന്നാൾ കൊടിയേറ്റ് മുതൽ എല്ലാ ശുശ്രൂഷകളിലും കൺവൻഷനിലും ഏവരുടെയും സാന്നിധ്യം നേർച്ച കാഴ്ചകളോടെ സാദരം കർത്യനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രാർത്ഥനാപൂർവ്വം,

ഫാ. കുര്യൻ തോമസ് പള്ളിയടിയിൽ
(വികാരി)

സന്തോഷ് കെ. വർഗ്ഗീസ്, മുല്ലശ്ശേരിൽ
(കൈക്കാരൻ)

ഫാ. എമിൽ റ്റി. ഏബ്രഹാം, തിരുവൻപറമ്പിൽ
(സഹ വികാരി)

ജൂഫിൻ മാത്യു, വടക്കേപറമ്പിൽ
(സെക്രട്ടറി)

invitation

കാര്യപരിപാടി

2026 ജനുവരി 18, ഞായർ

6:30 am : പ്രഭാത നമസ്കാരം

7.30 am : വി. കുർബ്ബാന, പെരുന്നാൾ കൊടിയേറ്റ്
റവ. ഫാ. കുര്യൻ തോമസ്, പള്ളിയടിയിൽ *(വികാരി)*

6.00 pm : സന്ധ്യാ നമസ്കാരം

7.15 pm : **ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം**

മുഖ്യസന്ദേശം: ബ്രദർ ഏബൽ തോമസ് ഡെന്നി
(മാനേജർ, ബസീലിയ ഓർത്തഡോക്സ് സെന്റർ, കുണ്ടറ)

ആദ്ധ്യാത്മിക സംഘടനകളുടെ വിവിധ പരിപാടികൾ

നന്ദി റവ. ഫാ. എമിൽ റ്റി. ഏബ്രഹാം, തിരുവൻപറമ്പിൽ
(സഹ വികാരി)

2026 ജനുവരി 22, വ്യാഴം

7.30 am മുതൽ **ആദ്യഫല ശേഖരണം**
(മാനേജിംഗ് കമ്മിറ്റി & ഒ.സി.വൈ.എം.)

കൺവൻഷൻ

6.00 pm : സന്ധ്യാ നമസ്കാരം

6.45 pm : ഗാനശുശ്രൂഷ

7.15 pm : വചന ശുശ്രൂഷ: റവ. ഫാ. ജോജി കെ. ജോയി, അടൂർ









2026 ജനുവരി 23, വെള്ളി



6.00 pm : സന്ധ്യാ നമസ്കാരം – പള്ളിയിൽ – റവ. ഫാ. ഏബ്രഹാം വർഗ്ഗീസ്, വടശ്ശേരിൽ

6.15 pm : സന്ധ്യാ നമസ്കാരം – പുന്നയ്ക്കൽ ചുങ്കം വി. ഗീവർഗ്ഗീസ് സഹദായുടെ കുരിശ്ശടിയിൽ

7.00 pm : വചന ശുശ്രൂഷ: റവ. ഫാ. ജിതിൻ കുറിയാക്കോസ് *(അസി. വികാരി, സെന്റ് ജോൺസ് കത്തീഡ്രൽ, പാമ്പാടി)*

7.15 pm : ഭക്തിനിർഭരമായ പ്രദക്ഷിണം






റവ. ഫാ. തോമസ് ഗീവർഗീസ്
റവ. ഫാ. ജിതിൻ കുറിയാക്കോസ്
റവ. ഫാ. ഏബ്രഹാം മാത്യു
റവ. ഫാ. നിബു റ്റി. ഇട്ടി

മാർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പുന്നയ്ക്കൽ ചുങ്കം കുരിശ്ശടിയിൽനിന്ന് ആരംഭിച്ച് ബോട്ട്ജെട്ടി വഴി പള്ളിക്കവലയിലുള്ള പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശ്ശടിയിലെത്തി പള്ളിയിൽനിന്നുള്ള പ്രദക്ഷിണവുമായി ചേർന്ന് നാൽക്കവലയിൽ എത്തുകയും തിരികെ പള്ളിയിൽ എത്തിച്ചേരുകയും ചെയ്യുന്നു.

9.00 pm : അനുസ്മരണ പ്രാർത്ഥന സെമിത്തേരിയിൽ, ധൂപ പ്രാർത്ഥന, ആശീർവാദം, കൈമുത്ത്

9.30 pm : ക്രിസ്തീയ കലാരൂപം – മാർഗ്ഗംകളി (BCM College Kottayam) (Spon. by OCYM കൊല്ലാട്)

2026 ജനുവരി 24, ശനി

6.45 am : പ്രഭാത നമസ്കാരം

7.45 am : വി. മൂന്നിന്മേൽ കുർബാന,
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ
റവ. ഫാ. തോമസ് ഗീവർഗീസ്
റവ. ഫാ. നിബു റ്റി. ഇട്ടി *(സഹകാർമ്മീകർ)*

9.30 am	:	**151–ാം ജൂബിലി സമാപന സമ്മേളനം**
സ്വാഗതം	:	റവ. ഫാ. എമിൽ റ്റി. ഏബ്രഹാം തിരുവൻപറമ്പിൽ (സഹ വികാരി)
അധ്യക്ഷൻ	:	റവ. ഫാ. കുര്യൻ തോമസ് പള്ളിയടിയിൽ (വികാരി)
ഉദ്ഘാടനം	:	**പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ**
		• ശതോത്തര ജൂബിലിയോടനുബന്ധിച്ച് പോസ്റ്റൽ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് പുറത്തിറക്കുന്ന ഇടവകയുടെ സ്റ്റാമ്പിന്റെ പ്രകാശനം.
		• തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ വിജയിച്ച ഇടവകാംഗങ്ങളെ ആദരിക്കൽ
		• ഇടവകയുടെ ആദ്ധ്യാത്മിക സംഘടനയായ സെന്റ് ഡൈനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ പ്രവർത്തന മികവിൽനിന്നും ലഭിച്ച തുകയുടെ ഒരു വിഹിതം പള്ളിയുടെ ചാരിറ്റി ഫണ്ടിലേക്ക് നൽകുന്നു.
കൃതജ്ഞത	:	ശ്രീ. സന്തോഷ് കെ. വർഗീസ് മുല്ലശ്ശേരിൽ (ട്രസ്റ്റി)
	:	ആശീർവാദം, കൈമുത്ത്, സ്നേഹവിരുന്ന്
11.00 am	:	ആദ്യഫലലേലം
4.00 pm	:	പ്രദക്ഷിണം പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശ്ശടിയിലേക്ക്
5.00 pm	:	കൊടിയിറക്ക്

അറിയിപ്പുകൾ

1. 22–01–2026 വ്യാഴാഴ്ച രാവിലെ മുതൽ മാനേജിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ യുവജനപ്രസ്ഥാനം അംഗങ്ങൾ ആദ്യഫല ശേഖരണത്തിനായി ഭവനങ്ങൾ സന്ദർശിക്കുന്നതാണ്.
2. നേർച്ചയ്ക്കായുള്ള വെള്ളയപ്പം എല്ലാ ഭവനങ്ങളിൽനിന്നും കൊണ്ടുവരേണ്ടതാണ്.
3. പെരുന്നാൾ കുർബ്ബാനയ്ക്കുള്ള പേരുകൾ നേരത്തേതന്നെ ആഫീസിൽ നൽകേണ്ടതാണ്.
4. പെരുന്നാൾ കുർബ്ബാന പള്ളിയുടെ Face Book പേജിലും Youtube ലും Live Streaming ഉണ്ടായിരിക്കും.





പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിലുള്ള കുരിശ്ശടി



പരിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള പുന്നയ്ക്കൽ ചുങ്കംകുരിശ്ശടി



kolladpally.com
KolladPally
Kolladstpaulspally
kolladpally@gmail.com
956 2025 151

El-Shaddai Graphics, Kottayam